I ഇ.ബി. XV - കേരള നിയമസഭ/VI-5

# പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ആഗസ്റ്റ് 30, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

തെരുവുനായ ശല്യം

മി. സ്പീക്കർ: സംസ്ഥാനത്ത് തെരുവുനായ ശല്യം രൂക്ഷമാകുന്നതും ഈ വർഷം നാളിതുവരെ ഒന്നര ലക്ഷത്തോളം പേർക്ക് തെരുവ് നായയുടെ കടിയേൽക്കുകയും നിരവധിപേർ മരിക്കുകയും ചെയ്ത ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, ടി. ജെ. വിനോദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ്

നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പേവിഷബാധമൂലമുള്ള മരണങ്ങൾ സംബന്ധിച്ച് ജില്ലാതല അന്വേഷണം നടത്തുകയും വിദഗ്ധസമിതി രൂപീകരിച്ച് ശാസ്ത്രീയ അന്വേഷണം നടത്തി രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. രോഗബാധ സാദ്ധ്യത കൂടുതലുള്ള കാറ്റഗറി III-ൽപ്പെട്ട മുറിവേറ്റവരാണ് പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പെടുത്തിട്ടും മരണമടഞ്ഞിട്ടുള്ളത്. ആരോഗ്യ-തദ്ദേശസ്വയംഭരണ-മൃഗസംരക്ഷണ വകുപ്പുമന്ത്രിമാരുടെ ആഭിമുഖ്യത്തിൽ ഉന്നതതല യോഗം ചേർന്ന് പേവിഷബാധ തടയുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. കുടുംബശ്രീ മുഖേനയുള്ള എ.ബി.സി. പദ്ധതി ഹൈക്കോടതിയുടെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ തടസ്സപ്പെട്ടെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് തെരുവ് നായ്ക്കളുടെ വന്ധ്യംകരണം കാര്യക്ഷമമാക്കിയിട്ടുണ്ട്. എ.ബി.സി. പദ്ധതി നടപ്പിലാക്കാനാവശ്യമായ സൗകര്യങ്ങളില്ലാത്ത ബ്ലോക്കുകളിൽ അവ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന എ.ബി.സി. പദ്ധതി കാര്യക്ഷമമല്ല. തെരുവുനായ ശല്യം കാരണം ജനങ്ങൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാണുള്ളത്. തെരുവുനായയുടെ ആക്രമണത്തിൽനിന്നും രക്ഷപ്പെടാനുള്ള ശ്രമത്തിനിടയിൽ നിരവധി അപകടമരണം സംഭവിച്ചിട്ടുണ്ട്. പ്രായോഗികത പരിഗണിക്കാതെയാണ് തെരുവുനായ്ക്കളെ കൊല്ലുന്നത് നിരോധിച്ചുകൊണ്ടുള്ള കേന്ദ്ര നിയമം പാസ്സാക്കിയിട്ടുള്ളത്. തെരുവുനായ്ക്കളുടെ കടിയേറ്റ് 2021-ൽ 16 പേരും ഈ വർഷം ഇതുവരെ 20 പേരും മരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധന നടത്താത്ത വാക്സിൻ നൽകിയതുമൂലമാണ് നാലുപേർ മരണപ്പെട്ടത്. വാക്സിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. വാക്സിന്റെ ഗുണനിലവാരം സംബന്ധിച്ച പരാതിയിന്മേൽ പരിശോധന നടത്താൻ തയ്യാറാകാത്ത ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ നടപടി അപലപനീയമാണ്. നായ്ക്കളുടെ വന്ധ്യംകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് നീക്കിവയ്ക്കുകയോ തിരുവനന്തപുരത്ത് വനം വകുപ്പിന് കീഴിലുള്ള 50 സെന്റ് സ്ഥലത്ത് തെരുവുനായ്ക്കളെ പാർപ്പിക്കാനുള്ള സംവിധാനമൊരുക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. കുടുംബശ്രീ മുഖേന നടപ്പിലാക്കിവന്ന

എ.ബി.സി. പദ്ധതി പുനരാരംഭിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പേ വിഷബാധയേറ്റ് മരണമടഞ്ഞ 20 പേരിൽ 15 പേർ വാക്സിനെടുക്കാത്തവരും ഒരാൾ ഭാഗികമായും 4 പേർ മാനദണ്ഡപ്രകാരവും വാക്സിനെടുത്തവരായിരുന്നു. ഇതിൽ 5 പേർ വളർത്തുനായ്ക്കളുടെ കടിയേറ്റാണ് മരണമടഞ്ഞത്. നാഡീവ്യൂഹങ്ങൾ കൂടുതലുള്ള കൈകളിലും തലച്ചോറുമായി സാമീപ്യമുള്ള മുഖം, ചെവി, കഴുത്ത്, ചുണ്ടുകൾ എന്നിവിടങ്ങളിലും കടിയേറ്റാൽ വൈറസ് വളരെ പെട്ടെന്ന് തലച്ചോറിലെത്തുകയും മരണം സംഭവിക്കുകയും ചെയ്യും. മാനദണ്ഡപ്രകാരം വാക്സിനെടുത്തവരിൽ വാക്സിൻ ശരീരത്തിൽ പ്രവർത്തിച്ചുതുടങ്ങുന്നതിന് മുമ്പുതന്നെ വൈറസ് തലച്ചോറിലെത്തിയതാണ് മരണത്തിനിടയാക്കിയതെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്യുന്ന ഐ.ഡി.ആർ.വി., ഇമ്മ്യൂണോ ഗ്ലോബുലിൻ വാക്സിനുകൾക്ക് കേന്ദ്ര ലബോറട്ടറിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റുണ്ട്. മരുന്നുകളുടെ സംഭരണത്തിലും വിതരണത്തിലും കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. നായ്ക്കളിൽനിന്നും പൂച്ചകളിൽ നിന്നും

കടിയേൽക്കുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് വാക്സിനുകളുടെ ഉപഭോഗം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വാക്സിൻ സ്വീകരിച്ചിട്ടും മരണം സംഭവിച്ചതിനെക്കുറിച്ചുള്ള കൃത്യവും ശാസ്ത്രീയവുമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് മൾട്ടി ഡിസിപ്ലിനറി സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ടായി എ.ബി.സി. പദ്ധതി നടപ്പാക്കുന്നതിന് പൊതുവിഭാഗം വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, തനത് ഫണ്ട് വിഹിതം എന്നിവ ഉപയോഗിക്കാവുന്നതാണ്. പേവിഷ നിർമ്മാർജ്ജന ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതാണ്. എ.ബി.സി. ഡോഗ് റൂളും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവറും പ്രകാരമാണ് എ.ബി.സി. പ്രോഗ്രാം പ്രകാരമുള്ള നടപടിക്രമങ്ങൾ നടപ്പാക്കുന്നതെന്ന് ഉറപ്പുവരുത്തുന്നുണ്ട്. 2025-ഓടുകൂടി ഹ്യൂമൻ റാബിസ് ഡെത്ത് ഇല്ലാതാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ വകുപ്പുകളുടെയും പൊതുസമൂഹത്തിന്റെയും സംയോജിത പ്രവർത്തനം അനിവാര്യമാണ്. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ലോക്ഡൗൺ കാലയളവിൽ വളർത്തുമൃഗങ്ങൾക്ക് രോഗപ്രതിരോധ കുത്തിവയ്പ് കൃത്യമായി നൽകാൻ സാധിക്കാത്തത് പേവിഷ ബാധ വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായാണ് പേവിഷ ബാധ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കിവരുന്നത്. മൃഗസംരക്ഷണ വകുപ്പ് റാബിസ് ഫ്രീ കേരള പദ്ധതി വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതത്തിൽനിന്നും പേവിഷ പ്രതിരോധ കുത്തിവയ്പ് നൽകിവരുന്നു. വളർത്തുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പും ലൈസൻസും നിർബന്ധമാക്കണമെന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അഞ്ചുലക്ഷം വാക്സിനുകൾ എല്ലാ മൃഗാശുപത്രികൾക്കും കൈമാറിയിട്ടുണ്ട്; ഒരു ലക്ഷം വാക്സിനുകൾകൂടി ഉടൻ വിതരണം ചെയ്യുന്നതാണ്. വിവിധ ജില്ലകളിൽ നിന്നും ആവശ്യപ്പെട്ട നാല് ലക്ഷം വാക്സിനുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പേവിഷബാധ നിർമ്മാർജ്ജനത്തിനായി സ്കൂളുകളിൽ ഉൾപ്പെടെ ബോധവത്കരണ ക്യാമ്പയിൻ നടത്താനും സംസ്ഥാന

വ്യാപകമായി ക്യാമ്പുകൾ സംഘടിപ്പിച്ച് വളർത്തുനായ്ക്കൾക്ക് സമയബന്ധിതമായി പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകാനും ലക്ഷ്യമിടുന്നുണ്ട്. തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനും തെരുവുകളിൽ ഭക്ഷണാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതിനുമെതിരെ ബോധവത്കരണം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പേവിഷ ബാധയേറ്റ് കുറെപേർ മരിക്കാനിടയായതുമൂലം ജനങ്ങളിലുണ്ടായിട്ടുള്ള ആശങ്ക കണക്കിലെടുത്ത് ആരോഗ്യ വകുപ്പ് വിദഗ്ദ്ധസമിതി രൂപീകരിച്ച് വാക്സിനെ സംബന്ധിച്ച് സമഗ്രപരിശോധന നടത്തുന്നതായിരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): മുഖ്യമന്ത്രിയുടെ മറുപടി സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ രണ്ടുവർഷങ്ങളിലായാണ് നായ്ക്കളുടെയും പൂച്ചകളുടെയും കടിയേൽക്കുന്നവരുടെ എണ്ണവും മരണനിരക്കും ഭയാനകമായ രീതിയിൽ വർദ്ധിക്കുന്നത്. മാലിന്യക്കൂമ്പാരം തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിക്കാനിടയാക്കുന്നുണ്ട്. തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടക്കുന്നില്ല. മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനും എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി

നടത്തുന്നതിനും ഗുണനിലവാരമുള്ള വാക്സിൻ കൃത്യമായി വിതരണം ചെയ്യുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

## II. ശ്രദ്ധക്ഷണിക്കൽ

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ തീരദേശവാസികളുടെ ആശങ്ക

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി ഇതര രാജ്യങ്ങളുമായുള്ള വ്യാപാരബന്ധം പ്രാപ്തമാക്കാൻ സാധിക്കുന്നതോടൊപ്പം ടൂറിസം, വ്യവസായം, വാണിജ്യം, ഗതാഗതം എന്നീ മേഖലകളിലും വൻ വികസനം സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. കാലാവസ്ഥാ വ്യതിയാനംമൂലമാണ് തീരശോഷണം സംഭവിക്കുന്നതെന്ന് പഠനങ്ങളിലൂടെ വ്യക്തമായ സാഹചര്യത്തിൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യം നീതിയുക്തമല്ല. സമരങ്ങളുടെ പേരിൽ നിർമ്മാണം തടസ്സപ്പെട്ടാൽ കേരളത്തിന്റെ നിക്ഷേപ സൗഹാർദ്ദ അന്തരീക്ഷം തകരാനിടയാകുമെന്നതിനാൽ പദ്ധതി എത്രയുംവേഗം പൂർത്തിയാക്കുന്നതിനും മത്സ്യബന്ധന തൊഴിലാളികൾക്ക് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിന്റെ സുപ്രധാന പദ്ധതിയായ വിഴിഞ്ഞം തുറമുഖത്ത് 2023 ഏപ്രിലിൽ ആദ്യത്തെ ബാർജും ഒക്ടോബറിൽ കൊമേഴ്സ്യൽ ഓപ്പറേഷനും ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പഠനങ്ങൾ പൂർത്തിയാക്കിയശേഷമാണ് കരാറിലേർപ്പെട്ട് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തീരശോഷണം സംഭവിച്ചതായി തീരപ്രദേശ നിരീക്ഷണത്തിനായി രൂപീകരിച്ച മോണിറ്ററിംഗ് സെൽ കണ്ടെത്തിയിട്ടില്ല. പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് കടൽക്ഷോഭവും തീരശോഷണവും സംഭവിച്ചതായി പഠന റിപ്പോർട്ടുണ്ട്. തുറമുഖനിർമ്മാണത്തിന്റെ ഭാഗമായി തീരശോഷണം ഉണ്ടാകുന്നില്ലെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വമാണ് പരിഗണിക്കുന്നത്. സമരക്കാരുടെ ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിച്ചുവരികയാണെങ്കിലും തുറമുഖനിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യത്തോട് യോജിക്കാൻ കഴിയില്ല. സമരം നടത്തുന്നവരുടെ പ്രതിനിധികളുമായി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ചർച്ച നടത്തിവരികയാണ്. തുറമുഖ പദ്ധതിക്കായി മത്സ്യത്തൊഴിലാളികളെ കുടിയൊഴിപ്പിച്ചിട്ടില്ല. കടലാക്രമണത്തിന് ഇരയാകുന്നവരെയും സി.ആർ.ഇസഡ്. പരിധിക്കുള്ളിൽ

താമസിക്കുന്നവരെയും മാറ്റി പാർപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് മുട്ടത്തറയിൽ 8 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ക്യാമ്പുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതോടൊപ്പം അവർക്ക് വീട് നിർമ്മിച്ച് നൽകുന്നതുവരെ പ്രതിമാസ വാടകയിനത്തിൽ 5500 രൂപ വീതം നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. പുനർഗേഹം പദ്ധതിയിൽ 2450 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഹോട്ട് സ്പോട്ടുകളുടെയും ശംഖുംമുഖം പാതയോര സംരക്ഷണത്തിന്റെയും വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിന്റെയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കോവളം ബീച്ച് പുനരുദ്ധാരണ ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. പൂർത്തിയായിട്ടുണ്ട്. മണ്ണെണ്ണയിതര ഇന്ധനങ്ങൾ ഉപയോഗിക്കുന്ന യാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതാണ്. പദ്ധതി പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 99.94 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിനും പദ്ധതികൾ ആവിഷ്കരിക്കുകയും കോട്ടപ്പുറം പ്രദേശത്ത് ആയിരത്തിൽപ്പരം ഭവനരഹിതർക്ക് ലൈഫ് മിഷൻ

പദ്ധതിയിലൂടെ വീട് നൽകുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുനർഗേഹം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 340 കുടുംബങ്ങളെ ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിച്ചിട്ടുണ്ട്. തീരശോഷണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിക്കുന്നതിന് വിദഗ്ദ്ധസമിതിയെ നിയോഗിക്കുന്നതാണ്. ബോട്ട് ലാന്റിംഗ് സ്റ്റേഷന്റെയും പാരമ്പര്യേതര ഊർജ്ജ പാർക്കിന്റെയും നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു. സമരക്കാർ ഉന്നയിച്ച ആവശ്യങ്ങളിൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്നതൊഴികെയുള്ളവ പരിഗണിക്കാൻ സർക്കാർ തയ്യാറാണ്. നിർമ്മാണപ്രവർത്തനം തടസ്സപ്പെടുത്തരുതെന്ന ഹൈക്കോടതി നിർദ്ദേശമുള്ളതിനാൽ സർക്കാർ ഇടപെടൽ അനിവാര്യമായ സാഹചര്യത്തിൽ അടിയന്തരമായി സമരം പിൻവലിക്കേണ്ടതാണ്.

(2) <u>സംസ്ഥാന വിദ്യാഭ്യാസ നയം</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ദേശീയ വിദ്യാഭ്യാസ നയം 2020 പൂർണ്ണമായും സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ സംസ്ഥാന വിദ്യാഭ്യാസ നയം ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടിയുണ്ടാകണം. പിന്നാക്ക ജനവിഭാഗങ്ങളുടെ ഉന്നത

വിദ്യാഭ്യാസ മേഖലയിലുള്ള പ്രാതിനിധ്യം സംബന്ധിച്ച് നയത്തിൽ പരാമർശിച്ചിട്ടില്ല. ഇംഗ്ലീഷിനുപുറമെ മറ്റ് വിദേശ ഭാഷകൾ പഠിക്കാൻ അവസരം നൽകുന്നുണ്ടെങ്കിലും യു.എൻ. അംഗീകൃത അറബി ഭാഷയെ അവഗണിക്കുകയും ത്രിഭാഷാ പദ്ധതികൾ സംസ്ഥാനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുകയുമാണ് ചെയ്യുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ കേരളത്തിന്റെ ആശങ്ക രേഖപ്പെടുത്തുന്ന പ്രമേയം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേരള പാഠ്യപദ്ധതി ചട്ടക്കൂട്-2007 അനുസരിച്ച് പാഠ്യപദ്ധതി തയ്യാറാക്കുന്നതിനായി കരിക്കുലം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രീ-സ്കൂൾ നടപ്പാക്കുന്നതിനെ സംബന്ധിച്ച് നയരേഖയിലോ തുടർന്ന് പ്രഖ്യാപിച്ച പ്രവർത്തന പദ്ധതിയിലോ വ്യക്തമാക്കിയിട്ടില്ല. ഓരോ കുട്ടിയുടെയും കഴിവ് കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതാണെന്ന നയസമീപനത്തെ സ്വാഗതം ചെയ്യുന്നു. വിപുലമായ ജനകീയ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും കേരളത്തിന്റെ തനത് പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കുന്ന അവസരത്തിൽ നിർബന്ധപൂർവ്വം ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നത് കേരളത്തിന് അംഗീകരിക്കാൻ സാധിക്കില്ല. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ –

ഉന്നതവിദ്യാഭ്യാസ രംഗത്തെ  പ്രത്യേക സവിശേഷത ഉൾക്കൊണ്ടുകൊണ്ട് സാർവ്വത്രികവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ലഭ്യമാക്കുകയാണ് സംസ്ഥാന വിദ്യാഭ്യാസ നയത്തിലൂടെ ലക്ഷ്യമിടുന്നത്.

## III. സബ്മിഷൻ

### (1) വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കേരള-കാലിക്കറ്റ് ഓപ്പൺ സർവ്വകലാശാലകൾക്ക് യു.ജി.സി. അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ മറ്റ് സർവ്വകലാശാലകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷനും വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താനും അനുമതി നൽകണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി. ഡിസ്റ്റന്റ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്നതുവരെ കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ മുഖേന കോഴ്സുകൾ നടത്തുന്നതിന് 06-08-2021-ലെ വിജ്ഞാപനപ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിന്മേൽ  പുറപ്പെടുവിച്ച വിധിന്യായത്തിന്റെ

അടിസ്ഥാനത്തിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നടത്താനുദ്ദേശിക്കുന്ന കോഴ്സുകൾ ഒഴികെയുള്ളവ കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ തുടങ്ങിയ സർവ്വകലാശാലകൾക്ക് യു.ജി.സി. അനുമതിയോടെ നടത്താൻ അനുമതി നൽകിയിട്ടുണ്ട്. പുതിയ കോഴ്സുകൾക്ക് യു.ജി.സി. ഡിസ്റ്റന്റ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിൽ വിദഗ്ദ്ധ സമിതിയുടെ വെർച്വൽ വിസിറ്റ് നടത്തുമെന്ന് യു.ജി.സി. അറിയിച്ചിട്ടുണ്ട്. യു.ജി.സി.-യുടെ അന്തിമ അനുമതി ലഭിച്ചാൽ ഈ അക്കാദമിക വർഷംതന്നെ മേൽപ്പറഞ്ഞ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കും.

(2) <u>മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ</u>

<u>ശ്രീ. എൻ. കെ. അക്ബർ:</u> മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും പത്ത് വർഷം പൂർത്തിയാക്കിയ സി.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): നഗരപ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന

മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും പ്രധാന പങ്ക് വഹിക്കുന്നത് കണ്ടിജന്റ് ജീവനക്കാരായ സാനിറ്റേഷൻ വർക്കർമാരാണ്. നിലവിലുള്ള കോടതി വിധികൾക്ക് വിധേയമായി പത്ത് വർഷമോ അതിലധികമോ സർവ്വീസുള്ള കണ്ടിജന്റ് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നഗരസഭകളിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കും. സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടെ വിവിധങ്ങളായ വിഷയങ്ങൾ പരിഹരിക്കുന്നതിനും ആധുനിക കാലഘട്ടത്തിനനുസരിച്ച് തൊഴിൽ സാഹചര്യങ്ങളിൽ മാറ്റം വരുത്തുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കണ്ടിജന്റ് ജീവനക്കാർക്ക് മാത്രമായി ഒരു വിശേഷാൽ ചട്ടം രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## (3) <u>പാലക്കാട് നഗരസഭയിലെ റോഡുകളുടെ പുനരുദ്ധാരണം</u>

<u>ശ്രീ. ഷാഫി പറമ്പിൽ:</u> അമൃത് പദ്ധതി നടപ്പാക്കുന്നതിനായി പൊളിച്ച പാലക്കാട് നഗരസഭയുടെ പരിധിയിൽ വരുന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): അമൃത് പദ്ധതിയുടെ ഭാഗമായുള്ള പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിന്റെ ഫലമായി ഗതാഗതം ദുഷ്കരമായിത്തീർന്ന പാലക്കാട് നഗരസഭയിലെ റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ട്. നഗരത്തിലെ ടൗൺ ഹാൾ റോഡ്, ഷാദി മഹൽ റോഡ് എന്നിവ റിപ്പയർ ചെയ്യുന്നതിന് വാർഷിക പദ്ധതിയിൽ 1.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ടുമാസത്തിനകം ടാറിംഗ് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) മണലൂരിലെ വിവിധ റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ

ശ്രീ. മുരളി പെരുനെല്ലി: അമൃത്, ജൽജീവൻ തുടങ്ങിയ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ച മണലൂരിലെ വിവിധ റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): അമൃത് പദ്ധതിയുടെ ഭാഗമായി തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ മണലൂർ മണ്ഡലം ഉൾപ്പെടുന്ന ഭാഗത്ത് 2.34 കി.മീ. ദൂരത്തിൽ മാത്രമാണ് കേരള ജല അതോറിറ്റിയുടെ നേതൃത്വത്തിൽ റോഡ് പുനരുദ്ധാരണപ്രവൃത്തികൾ

നടത്താനുണ്ടായിരുന്നത്. മഴ മാറിയാൽ 2.34 കി.മീ. നീളവും ടഞ്ചെടുത്ത ഭാഗവും ബി.എം. ചെയ്യുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ചിറ്റാട്ടുകര-കണ്ടുകടവ് റോഡിൽ പൈപ്പ് ലൈൻ ജോലികൾ പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ 80 കി.മീ. ദൂരത്തിൽ പഞ്ചായത്ത്-പി.ഡബ്ല്യൂ.ഡി. റോഡുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. റോഡുകളുടെ റെസ്റ്റൊറേഷനുവേണ്ടിയുള്ള തുക അടച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(5) <u>ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

<u>ശ്രീ. ആന്റണി ജോൺ</u>: ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തിയാക്കുന്നതിന് 12.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേയുടെ അലൈൻമെന്റിൽ നിർദ്ദിഷ്ട പൈപ്പ്‌ലൈൻ ഉൾപ്പെടുന്നതിനാൽ പുതുക്കിയ

പ്രൊപ്പോസൽ ഡിപ്പാർട്ടുമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. പദ്ധതിയുടെ പമ്പ് ഹൗസ് നിർമ്മാണത്തിനാവശ്യമായ സ്ഥലം വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമാക്കുന്നതാണ്. വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി ടി പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(6) നെല്ലായയിലെ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം

ശ്രീ. പി. മമ്മിക്കുട്ടി: നെല്ലായ ഗ്രാമപഞ്ചായത്തിലെ കരിങ്കൽ ക്വാറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ആശങ്കയകറ്റുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഒറ്റപ്പാലം താലൂക്കിലെ നെല്ലായ വില്ലേജിൽ ക്വാറിയിംഗ് പെർമിറ്റിനുവേണ്ടി നൽകിയ അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും പരാതികളിൽ അന്വേഷണം നടത്തിയതിനുശേഷവുമാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതെന്നാണ് വകുപ്പുതല പരിശോധനയിൽ വ്യക്തമായിട്ടുള്ളത്.

(7) കൊടുവള്ളി ഗവ. ആർട്സ് & സയൻസ് കോളേജിന്റെ സമഗ്ര വികസനം

ഡോ. എം. കെ. മുനീർ: കൊടുവള്ളി സി.എച്ച്.എം.കെ.എം. ഗവ. ആർട്സ് & സയൻസ് കോളേജിന്റെ വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കൊടുവള്ളി സർക്കാർ ആർട്സ് & സയൻസ് കോളേജിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. അടുത്ത അഞ്ചുവർഷംകൊണ്ട് മറ്റ് സർക്കാർ കോളേജുകളുടെ കൂട്ടത്തിൽ കൊടുവള്ളി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിനെയും ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള അക്കാദമിക് ബ്ലോക്കിന്റെ വെർട്ടിക്കൽ എക്സ്പാൻഷൻ നടത്തുന്നതിനും പുതിയ അക്കാദമിക്, ലൈബ്രറി ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രഹമാനദണ്ഡങ്ങൾക്കനുസരിച്ചുള്ള പ്ലാനും എസ്റ്റിമേറ്റും കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭ്യമായശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതാണ്.

(8) ചാലക്കുടി താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. സനീഷ്കുമാർ ജോസഫ്: ചാലക്കുടി താലൂക്കാശുപത്രിയിലെ ഒഴിവുകൾ നികത്തുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ചാലക്കുടി താലൂക്കാശുപത്രിയുടെ മികച്ച പ്രവർത്തനങ്ങൾക്ക് 2018, 2022 വർഷങ്ങളിൽ ദേശീയ അംഗീകാരവും 2021-ൽ കായകൽപ്പ് അവാർഡും ലഭ്യമായിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗമുൾപ്പെടെ നിരവധി സേവനങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാകുന്നുണ്ട്. ആർദ്രം പദ്ധതിപ്രകാരം ജില്ലതോറും ഒരു ജില്ലാ ആശുപത്രി എന്ന നയത്തിന്റെ ഭാഗമായി തൃശ്ശൂർ ആശുപത്രിയെ തെരഞ്ഞെടുത്ത് സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. നിലവിലുള്ള ഡോക്ടർമാരുടെയും മറ്റുവിഭാഗം ജീവനക്കാരുടെയും ഒഴിവുകളിലേയ്ക്ക് നടപടിക്രമങ്ങൾ പാലിച്ച് താൽക്കാലിക നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) താഴമ്പള്ളി, കഠിനംകുളം തീരസംരക്ഷണം

ശ്രീ. വി. ശശി: മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ താഴമ്പള്ളി, കഠിനംകുളം ഭാഗങ്ങളിലെ തീരസംരക്ഷണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ താഴമ്പള്ളി, കഠിനംകുളം ഭാഗങ്ങളിൽ തീരസംരക്ഷണത്തിനുള്ള പ്രവൃത്തികൾ നടപ്പാക്കുന്ന പദ്ധതി രൂപരേഖയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം ടി പ്രദേശത്ത് സർവ്വേ നടത്തി പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ക്ഷണിച്ച ടെണ്ടറിൽ മെസേഴ്സ് രാമലിംഗം കൺസ്ട്രക്ഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനെ തെരഞ്ഞെടുക്കുകയും സെപ്റ്റംബർ അവസാനം നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുകയും ചെയ്യുന്നതാണ്.

(10) മലബാർ ഇസ്ലാമിക് കോംപ്ലക്സിന് പകരം ഭൂമി

ശ്രീ. എം. രാജഗോപാലൻ: കാസർഗോഡ് ജില്ലയിൽ ആശുപത്രി നിർമ്മാണത്തിനായി മലബാർ ഇസ്ലാമിക് കോംപ്ലക്സ് നൽകിയ ഭൂമിക്ക്

പകരം ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കാസർഗോഡ് താലൂക്കിലെ തെക്കിൽ വില്ലേജിലെ സർക്കാർ ഭൂമിയോട് ചേർന്നുള്ള മലബാർ ഇസ്ലാമിക് കോംപ്ലക്സിന്റെ ഉടമസ്ഥതയിലുള്ള 1.6695 ഹെക്ടർ ഭൂമി കോവിഡ് പ്രതിരോധ ആശുപത്രി നിർമ്മാണത്തിന് ഉതകുന്നതാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വഖഫ് വക പ്രസ്തുത വസ്തു വിട്ടുനൽകുകയും സർക്കാരിലേയ്ക്ക് വിട്ടൊഴിയുന്നതിനുപകരമായി അതേ വില്ലേജിലെ സമാനവിലയുള്ള 1.6695 ഹെക്ടർ സർക്കാർ സ്ഥലം മലബാർ ഇസ്ലാമിക് കോംപ്ലക്സിന്റെ ഉപയോഗത്തിനായി പതിച്ചുനൽകുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

(i) 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ

## V. ക്രമപ്രശ്നം

ബില്ലിൽ ഉൾപ്പെടാത്ത മൂലനിയമത്തിലെ വകുപ്പുകൾക്ക് സബ്ജക്ട് കമ്മിറ്റി

ഭേദഗതി വരുത്തിയത് സംബന്ധിച്ച്

1. ശ്രീ. രമേശ് ചെന്നിത്തല: 23-08-2022-ന് സഭയിൽ അവതരിപ്പിച്ച് വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ച 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ ചില വകുപ്പുകൾ ഓപ്പൺ ചെയ്ത് ഭേദഗതി നിർദ്ദേശിച്ചത് ചട്ടവിരുദ്ധവും റൂളിംഗുകളുടെ ലംഘനവുമാണ്. ടി ബിൽ സമിതിക്ക് റഫർ ചെയ്യുമ്പോൾ ഓപ്പൺ ചെയ്യാത്ത വകുപ്പുകൾ പരിശോധിക്കാനുള്ള അധികാരം സഭയോ ബഹുമാനപ്പെട്ട സ്പീക്കറോ നൽകാത്ത സാഹചര്യത്തിൽ വിഷയനിർണ്ണയ സമിതി ഇല്ലാത്ത അധികാരമുപയോഗിച്ച് ഭേദഗതികൾ ഉൾപ്പെടുത്തിയ ബിൽ അവതരിപ്പിക്കുന്നത് ക്രമപ്രകാരമാണോയെന്ന് പരിശോധിക്കണം.

2. ശ്രീ. പി. സി. വിഷ്ണുനാഥ്: നിയമനിർമ്മാണവുമായി ബന്ധപ്പെട്ട വളരെ ഗുരുതരമായ പിശകാണിത്. സബ്ജക്ട് കമ്മിറ്റി ഓപ്പൺ ചെയ്യാത്ത 2, 6 എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്തിയിരിക്കുന്നത് കീഴ്വഴക്കങ്ങളുടെയും സഭാദ്ധ്യക്ഷന്മാർ മുമ്പ് നൽകിയിരിക്കുന്ന റൂളിംഗുകളുടെയും ലംഘനമായതിനാൽ ടി ബിൽ അവതരിപ്പിക്കാൻ പാടില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ക്രമപ്രശ്നം ഉന്നയിച്ച ചട്ടം ഏതാണെന്ന് ഉദ്ധരിക്കാതെ കീഴ്വഴക്കങ്ങളും

മുൻകാല റൂളിംഗുകളുമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. മൂലനിയമത്തിലെ വകുപ്പുകൾ ഓപ്പൺ ചെയ്യാൻ പാടില്ലെന്ന് ചട്ടം പറയുന്നില്ല. 1994-ലെ റൂളിംഗിൽ ബില്ലിൽ മൗലികമായ മാറ്റംവരുത്താൻ സഭയ്ക്കുള്ള അധികാരം സെലക്ട്/സബ്ജക്ട് കമ്മിറ്റികൾക്കുണ്ടെന്നും ആ നിലയിൽ ബില്ലിൽ കമ്മിറ്റി വരുത്തിയ മൗലികമായ മാറ്റങ്ങൾ ക്രമാനുസൃതമാണെന്നും പറഞ്ഞിട്ടുണ്ട്. ചട്ടം 82(1), 82(4) എന്നിവപ്രകാരം വരുത്താനുദ്ദേശിക്കുന്ന ഭേദഗതി മറ്റേതെങ്കിലും ക്ലോസ്സിൽ വരുത്താതെ സ്പഷ്ടമാകുന്നില്ലെങ്കിൽ അതിൽ ഭേദഗതി വരുത്താമെന്ന് പറയുന്നുണ്ട്. ആയതിനാൽ ടി ബില്ലിന്മേൽ സബ്ജക്ട് കമ്മിറ്റി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ചട്ടവിരുദ്ധമോ ക്രമവിരുദ്ധമോ അല്ല.

**റൂളിംഗ്**

മി. സ്പീക്കർ: 2022 ആഗസ്റ്റ് 23-ാം തീയതി സഭയിൽ അവതരിപ്പിച്ച 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബില്ലിലൂടെ മൂലനിയമത്തിലെ 3, 5, 7, 14, 15 വകുപ്പുകളാണ് ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും സഭയിലും തുടർന്ന് സബ്ജ്കട്ട് കമ്മിറ്റിയിലും നടന്ന വിശദമായ ചർച്ചയുടെ പശ്ചാത്തലത്തിൽ മൂലനിയമത്തിലെ 2, 6 എന്നീ വകുപ്പുകൾകൂടി മറ്റ് വകുപ്പുകളോടൊപ്പം ഭേദഗതി ചെയ്യപ്പെടുന്നത് ഉചിതമായിരിക്കുമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സബ്ജ്കട്ട് കമ്മിറ്റി

റിപ്പോർട്ടിലൂടെ അത് ശിപാർശ ചെയ്യുകയാണുണ്ടായത്. സബ്ജക്ട് കമ്മിറ്റിതലത്തിൽ അപ്രകാരമുള്ള തീരുമാനം കൈക്കൊള്ളാനുണ്ടായ സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ചില പ്രത്യേക സാഹചര്യങ്ങളിൽ ഓപ്പൺ ചെയ്യാത്ത വകുപ്പുകൾക്ക് ഭേദഗതികൾ നിർദ്ദേശിക്കാൻ ബില്ലുകൾ പരിശോധിക്കുന്ന പാർലമെന്റിലെ ജോയിന്റ് കമ്മിറ്റികൾക്കും സെലക്ട് കമ്മിറ്റികൾക്കും അധികാരമുണ്ടെന്ന് കൗൾ ആന്റ് ശക്ധർ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ബില്ലിൽ മൗലികമായ മാറ്റംവരുത്താൻ സഭയ്ക്ക് അധികാരമുള്ളതുപോലെതന്നെ ചട്ടം 227 (2), 237 (2) എന്നിവ കൂട്ടിവായിച്ചാൽ ഇതേ അധികാരം സെലക്ട് കമ്മിറ്റിക്കും സബ്ജക്ട് കമ്മിറ്റിക്കും ഉണ്ടെന്ന് വ്യക്തമാണ്. കീഴ്വഴക്കങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ ബില്ലിൽ ഓപ്പൺ ചെയ്യാത്ത മൂലനിയമത്തിലെ വകുപ്പുകൾക്ക് സബ്ജക്ട് കമ്മിറ്റിതലത്തിൽ ഭേദഗതി നിർദ്ദേശം വരുന്നതിലും സഭ പരിഗണിക്കുന്നതിലും ഏതെങ്കിലും തരത്തിലുള്ള അപാകം ഉള്ളതായി കാണുന്നില്ല. മുമ്പ് പല സന്ദർഭങ്ങളിലും ഈ രീതി സഭയിൽ അവലംബിച്ചിട്ടുള്ളതായി കാണുന്നതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്റ്റ് കമ്മിറ്റിയുടെ ശിപാർശപ്രകാരം മുഖ്യമന്ത്രിയുടെ കാര്യത്തിൽ കോംപീറ്റന്റ് അതോറിറ്റിയായി നിയമസഭയെ നിശ്ചയിക്കുകയും സിറ്റിംഗ് ജഡ്ജി ഒഴിവാകുന്നതുകൊണ്ട് ഇംപീച്ച്മെന്റ് പ്രോസസ്സ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഭയിൽ അവതരിപ്പിച്ച ബില്ലിൽ വലിയ മാറ്റംവരുന്ന രീതിയിലുള്ള ഭേദഗതികൾ സബ്ജക്റ്റ് കമ്മിറ്റി പരിഗണനാവേളയിലുണ്ടായിട്ടുണ്ട്. ലോക്ആയുക്തയുടെ ഉത്തരവ് കോംപീറ്റന്റ് അതോറിറ്റി അംഗീകരിക്കണമെന്ന ബില്ലിലെ 14-ാം വകുപ്പിലെ

വ്യവസ്ഥയിൽ മാറ്റംവരുത്തി അത് തള്ളിക്കളയാനും അംഗീകരിക്കാനുമുള്ള അധികാരം എക്സിക്യൂട്ടീവിന് കൊടുത്ത നടപടി നിയമവിരുദ്ധമാണ്. ഭേദഗതിയിലൂടെ എക്സിക്യൂട്ടീവിനും നിയമസഭയ്ക്കും ജുഡീഷ്യൽ അധികാരം നൽകുന്ന നടപടി അപലപനീയമാണ്. മുഖ്യമന്ത്രിക്കെതിരായ ലോക്ആയുക്ത വിധിയിന്മേൽ അന്തിമ തീരുമാനമെടുക്കാനുള്ള അധികാരം നിയമസഭയ്ക്കും മന്ത്രിമാർക്കെതിരായ വിധിയിന്മേൽ തീരുമാനമെടുക്കാനുള്ള അധികാരം മുഖ്യമന്ത്രിക്കുമാണ് ഭേദഗതിയിലൂടെ നൽകിയിട്ടുള്ളത്. ക്വാസി ജുഡീഷ്യൽ ബോഡിയായ ലോക്ആയുക്തയുടെ കണ്ടെത്തലിന്മേൽ തുടർനടപടി സ്വീകരിക്കാനുള്ള അധികാരം എക്സിക്യൂട്ടീവിന് നൽകിയ ഭേദഗതിനിർദ്ദേശം ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല.

(പ്രതിപക്ഷനേതാവിന്റെ പ്രസംഗം തടസ്സപ്പെടുത്തിയെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് തിരികെ പോകുകയും ചെയ്തു.)

(പ്രതിപക്ഷനേതാവ് തുടർച്ച)

ലോക്ആയുക്ത നിയമ ഭേദഗതിയിലൂടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന അഴിമതിവിരുദ്ധ സംവിധാനം പൂർണ്ണമായും

ഇല്ലാതായിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ലോക്ആയുക്തയുടെ അധികാരത്തിൽ വിയോജിപ്പുള്ളപക്ഷം അപ്പീൽ പ്രൊവിഷൻ/ജൂഡീഷ്യൽ പരിശോധനയ്ക്ക് അവസരം നൽകുന്നതിനുപകരം ഉപദേശക സ്വഭാവത്തിലുള്ള സംവിധാനമായി ലോക്ആയുക്തയെ മാറ്റാനുള്ള തീരുമാനം അംഗീകരിക്കാവുന്നതല്ല. ജൂഡീഷ്യറി സംവിധാനത്തിന് മുകളിൽ എക്സിക്യൂട്ടീവിനെ കൊണ്ടുവരുന്ന നടപടി നിയമപരമായി നിലനിൽക്കുമോയെന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. സി. മൊയ്തീൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലോക്ആയുക്ത നിയമത്തിലെ 14-ാം വകുപ്പുപ്രകാരം മന്ത്രിയോ പൊതുസേവകനോ ചട്ടലംഘനം നടത്തിയതായി കണ്ടെത്തിയാൽ ആരോപണവിധേയന് തന്റെ ഭാഗം ന്യായീകരിക്കാനുള്ള അവകാശംപോലും നൽകാതെ പദവിയിൽനിന്നും പുറത്താക്കാൻ അധികാരം നൽകുന്നത് ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളുടെ ലംഘനമാണ്. ഭരണഘടനപ്രകാരം നിയമിതരായ

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും മുകളിൽ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനത്തെ പ്രതിഷ്ഠിക്കുന്ന സ്ഥിതിയാണ് 14-ാം വകുപ്പുപ്രകാരം സംജാതമായിട്ടുള്ളത്. സ്റ്റാറ്റ്യൂട്ടറിയായി രൂപീകരിച്ച ക്വാസി ജുഡീഷ്യൽ സംവിധാനത്തിന് അമിതാധികാരം നൽകുന്നത് ഭരണഘടനാ തത്വങ്ങൾക്കെതിരാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അന്വേഷണം നടത്തുന്നതിനോ റിപ്പോർട്ട് സമർപ്പിക്കുന്നതിനോ ഉള്ള ലോക്ആയുക്തയുടെ അധികാരം ഭേദഗതിനിയമം കാരണം ചോദ്യം ചെയ്യപ്പെടുകയില്ല. ഭരണഘടനയെ സംസ്ഥാന നിയമസഭ നിർമ്മിച്ച നിയമത്തിന്റെ കീഴിലാക്കുന്ന ഭരണഘടനാവിരുദ്ധമായ നിയമവ്യവസ്ഥയിൽ ഭേദഗതിവരുത്തണമെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. നിയമപരമായ തർക്കങ്ങൾക്ക് കാരണമായേയ്ക്കാവുന്ന തെറ്റുകൾ നിയമത്തിലുണ്ടെങ്കിൽ അത് തിരുത്തപ്പെടേണ്ടതാണ്. ഭരണഘടനാ പദവിയിലിരിക്കുന്ന വ്യക്തിയെ പുറത്താക്കാൻ ഇതര സംസ്ഥാനങ്ങളിലും ലോക്ആയുക്തയ്ക്ക് അധികാരമില്ല. സംസ്ഥാനത്തിന്റെ അഴിമതിവിരുദ്ധ പോരാട്ടങ്ങൾക്ക് ഈ നിയമഭേദഗതി തടസ്സമാകില്ല. ഭരണഘടനാവിരുദ്ധമായ ഉള്ളടക്കത്തെ തിരുത്താനും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നിയമത്തെ സമ്പുഷ്ടമാക്കാനുമാണ്

ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. രമേശ് ചെന്നിത്തല</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മുൻകൂർ അനുമതിയില്ലാതെ മന്ത്രി, എം.എൽ.എ., പാർലമെന്റ് അംഗം എന്നിവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ കഴിയാത്ത രൂപത്തിൽ നമ്മുടെ രാജ്യത്ത് നിയമം നടപ്പിലാക്കിയതുപോലെയാണ് സംസ്ഥാനത്തും ഈ ഭേദഗതി നിയമം പാസ്സാക്കുന്നത്. ജനങ്ങളെ നിശബ്ദരാക്കുകയും അഴിമതിക്കെതിരായ പോരാട്ടത്തെ ഇല്ലാതാക്കുകയുമാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. പൊതുജീവിതത്തിലെ അഴിമതി പരിപൂർണ്ണമായി തുടച്ചുനീക്കാൻ 1999-ൽ കൊണ്ടുവന്ന ലോക്ആയുക്ത നിയമം 22 വർഷത്തിനുശേഷം ഭരണഘടനാവിരുദ്ധമെന്ന് പറയുന്നത് വിരോധാഭാസമാണ്. വളരെ പ്രധാനപ്പെട്ട ഒരു നിയമമായതിനാൽ അതിൽ ഭേദഗതി കൊണ്ടുവരുമ്പോൾ ഗവർണർ മാത്രമല്ല രാഷ്ട്രപതിയുടെയും അസെന്റ് വേണ്ടിവരും. ഭരണഘടനാ വിരുദ്ധമായ ഈ ഭേദഗതി കോടതികളിലും ചലഞ്ച് ചെയ്യപ്പെട്ടേയ്ക്കാം. അഴിമതി നിരോധനത്തിൽ

നിയമപരമായി ഇടപെടാനുള്ള ബാദ്ധ്യതയുള്ള ഒരു ക്വാസി-ജുഡീഷ്യൽ ബോഡിയായതുകൊണ്ടാണ് സുപ്രീംകോടതി ജഡ്ജി/ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ ഇതിന്റെ അദ്ധ്യക്ഷനാക്കിയിട്ടുള്ളത്. ഈ നിയമം വരുന്നതോടുകൂടി ഇവർക്കായി ചെലവഴിക്കുന്ന തുക പാഴായിപ്പോകുന്ന അവസ്ഥ വന്നുചേരും. അഴിമതി നടത്തുന്നവർക്ക് സ്വൈരവിഹാരം നടത്താനുള്ള അവസരമാണ് ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ ലോക്ആയുക്ത (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ പുതിയ നിർദ്ദേശങ്ങളൊന്നും ഉന്നയിച്ചിട്ടില്ല. കേരളത്തിന്റെ മുഖ്യമന്ത്രിക്കെതിരെ കേസ് വരാൻ സാധ്യതയുള്ളതുകൊണ്ടാണ് ലോക്ആയുക്ത ഭേദഗതി കൊണ്ടുവരുന്നതെന്ന പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, തെലങ്കാന, ഗുജറാത്ത്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളുടെ ലോക്ആയുക്ത നിയമത്തിന്റെ പരിധിയിൽ മുഖ്യമന്ത്രി വരുന്നില്ല. ഭരണഘടന ഭേദഗതി ചെയ്യാൻ അധികാരമുള്ളതുപോലെ നിയമത്തിന്റെ ക്ലോസ്സിൽ മാറ്റം വേണമെന്ന് ബോദ്ധ്യപ്പെട്ടാൽ നിയമവും ഭേദഗതി ചെയ്യാൻ സാധിക്കും. നിലവിലെ ലോക്ആയുക്ത നിയമം ഇൻവെസ്റ്റിഗേഷനും എൻക്വയറിക്കും മാത്രമുള്ളതാണ്. ലോക്ആയുക്തയ്ക്ക്

അഡ്ജ്യൂഡിക്കേഷൻ അധികാരമില്ലാത്തതിനാൽ കുറ്റാരോപിതനായ ആളിനെ ശിക്ഷിക്കാനുള്ള അധികാരമില്ലെന്നും റിപ്പോർട്ട് തയ്യാറാക്കാനുള്ള അധികാരം മാത്രമേയുള്ളൂവെന്നുമാണ് ഹൈക്കോടതി പറഞ്ഞിരിക്കുന്നത്, ലോക്ആയുക്ത കോടതിക്ക് തുല്യമല്ല. ലോക്ആയുക്തയുടെ അധികാരം ഓവർറൂൾ ചെയ്തിട്ടില്ല. ഭരണഘടനയ്ക്കും നിയമത്തിനും അനുയോജ്യമല്ലാത്ത ഒരു ക്ലോസ് ലോക്പാലിനും ലോക്ആയുക്തയ്ക്കുമൊപ്പം ഭേദഗതി ചെയ്യുകയെന്ന ദൗത്യമാണ് ഇവിടെ നിർവ്വഹിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ബിൽ ഭരണഘടനാവിരുദ്ധമെന്നാരോപിച്ച് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം സഭാനടപടികൾ ബഹിഷ്ക്കരിച്ചു.)

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

172-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

141. In clause 2 for the words and symbols " Amendment of Section 2.- in section 2(d) of the principal Act.-" the words and symbols " Amendment of section 2.- in the Kerala Lok Ayukta Act, 1999 (Act 8 of 1999) hereinafter referred to as the principal Act, in Section 2(d).-" shall be substituted.

Act 8 of 1999 എന്നതിനുപകരം 8 of 1999 എന്നും in Section 2(d) എന്നതിനുപകരം Clause (d) of Section 2 എന്നും ഭേദഗതി ചെയ്യണം.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

172. In Section 2(d)(ia) proposed to be inserted in the principal Act by Clause 2(b) the symbols " " . " shall be added at the end.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

196. In section 3(2) proposed to be amended in the Principal Act by Clause 3(i), for the words " Judge of the High Court" , the words " Judge of a High Court" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

242, 243, 244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

251. In clause 4(c), the words and figure “ Clause 6 shall be added and the remaining clauses shall be renumbered accordingly.” shall be deleted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

312, 313, 314, 315, 316, 317, 318, 319 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

314. In section 7(5A) proposed to be inserted in the Principal Act by Clause 6(iii), after the words " Upa-Lok Ayukta" , the word " available" shall be inserted.

315. In section 7(5A) proposed to be inserted in the principal Act by Clause 6(iii) for the words "act as" the words "discharge the functions of" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

355, 356, 357, 358, 359, 360, 362, 363, 364, 370, 371, 372, 375, 376, 377 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

373. In section 14(3) proposed to be substituted in the principal Act by Clause 7, after the word " rules" the words " or regulations" shall be inserted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

362. In section 14(2) proposed to be substituted in the principal Act by clause 7 after the word " communicate" , the word " to" shall be inserted.
363. In section 14(2) proposed to be substituted in the principal Act by Clause 7, after the words " basis of" the word " the" shall be inserted.
364. In section 14(2) proposed to be substituted in the principal Act by Clause 7, for the word " and" occuring after the word " recommendation" the word " or" shall be substituted.
370. In section 14(3) proposed to be substituted in the principal Act by clause 7, after the words " In the case of" the letter " a" shall be inserted.
372. In section 14(3) proposed to be substituted in the principal Act by Clause 7, after the words " in accordance with" the word " the" shall be inserted.
376. In section 14(3) proposed to be substituted in the principal Act by Clause 7, after the words " applicable to" the words " the service of" shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

127-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

127. In Clause 1(2) the words " be deemed to have" after the words and number " and 7 shall" shall be deleted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(നോട്ടീസ് നൽകിയ അംഗം സീറ്റിൽ ഇല്ലാത്തതിനാൽ 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷേമനിധി ബോർഡിലെ ഒഴിവുകൾ പി.എസ്.സി. വഴി നികത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. പത്ത് വർഷത്തിലധികമായി ക്ഷേമനിധി ബോർഡുകളിൽ ജോലിനോക്കുന്നവരുടെ തൊഴിൽസുരക്ഷ ഉറപ്പാക്കണം. പ്രവാസിക്ഷേമനിധിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രവാസി ലോട്ടറി ആരംഭിക്കാനും പ്രവാസികൾക്കായി പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും

കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

119-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

115 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

115. In clause 1(1) the word " Second" shall be deleted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മുരളി പെരുനെല്ലി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൊണ്ടുവന്നിട്ടുള്ള ഭേദഗതി ബില്ലിനെ അനുകൂലിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

179, 181 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 3.36-ന് പിരിഞ്ഞു.

*******